(ഡി) എത്ര ദിവസത്തിനുള്ളിൽ എസ്റ്റിമേറ്റ് സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേറ്റ് റിവിഷൻ ആവശ്യമായി വന്നതിനാലാണ് വർക്ക് ടെൻഡർ ചെയ്യാതിരുന്നത്.

(ബി) വെച്ചൂച്ചിറ എക്സ് സർവ്വീസ്മെൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി 8 ഏക്കർ സ്ഥലം സൗജന്യമായി തരാമെന്ന് സമ്മതിച്ചിട്ടുള്ളതിൻപ്രകാരം കൈമാറ്റ നടപടികൾ നടന്നു വരുന്നു.

(സി & ഡി) റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസഡയറക്ടർക്ക് 23-12-1999 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ച് വേണ്ട പരിശോധനകൾ നടത്തിയതിനു ശേഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് ലഭിച്ച തുക

157 (3034) ശ്രീ. കെ. പി. എ. മജീദ് :

ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സ്വരൂപിച്ച ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ടിൽ നിന്നും എത്ര കോടി രൂപ പൊതുമരാമത്ത് വകുപ്പിന് ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി എത്ര കോടി രൂപ ചെലവഴിച്ചു ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) തുകയൊന്നും ലഭിച്ചിട്ടില്ല.

ഇരവിനെല്ലൂർ -കാരോത്തു കടവ് റോഡിന്റെ പണി

158 (3035) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഇരവിനെല്ലൂർ -കാരോത്തു കടവ് റോഡിന്റെ പണി എത്ര പുരോഗമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇനി എന്തെല്ലാം പണികൾ കൂടി തീരുവാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ റോഡിന്റെ ടാറിംഗ് എത്രയും വേഗം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ മെറ്റലിംഗ് വരെയുള്ള പണികൾ പൂർത്തിയായി.

(ബി) ടാറിംഗ് പണി കൂടി തീരുവാനുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

നെടുമങ്ങാട്-മഞ്ച-അരുവിക്കര റോഡിന്റെ ശോചനീയാവസ്ഥ

159 (3036) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നെടുമങ്ങാട്-മഞ്ച-അരുവിക്കര റോഡിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്നാണ് ഈ റോഡ് അവസാനമായി ടാർ ചെയ്തത് ;

(സി) ഈ റോഡ് അടിയന്തിരമായി ടാർ ചെയ്ത് ഉപയോഗയോഗ്യമാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്തുവർഷം മുൻപാണ് ടാർ ചെയ്തത്.

(സി) പ്രസ്തുത റോഡ് ടാർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മഞ്ചേരിയിൽ റസ്റ്റ് ഹൗസ്

160 (3037) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ റസ്റ്റ് ഹൗസ് പണിയുന്നതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ബി) 1999-2000-വർഷത്തെ ബഡ്ജറ്റിൽ ഇതിനുവേണ്ടി എന്തു തുക വകക്കൊള്ളിച്ചിരുന്നു ;

(സി) ബഡ്ജറ്റിൽ നീക്കി വച്ച തുക മുഴുവനും ചെലവാക്കിയോ ;

(ഡി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഇ) ഈ റസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവർത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മഞ്ചേരിയിൽ റസ്റ്റ് ഹൗസിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് 20-10-1995-ൽ ഭരണാനുമതിയും 4-3-1998-ൽ പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly